പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 159 16.06.2014ൽ മറുപടിയ്ക്ക്

## സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ്സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സെക്രട്ടേറിയറ്റിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ;വിശദമാക്കാമോ; | എ) സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ സംവിധാനം രണ്ട് ഘട്ടങ്ങളായി നടപ്പിലാക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. കൃഷി , പിന്നോക്ക വികസനം, ഉപഭോക്തൃ വകുപ്പ്,ധനകാര്യം, ഭക്ഷ്യവും പൊതു വിതരണവും, ആരോഗ്യ-കുടുംബക്ഷേമം, പൊതു വിദ്യാഭ്യാസം, ആഭ്യന്തരം, വ്യവസായം, വിവരസാങ്കേതിക വിദ്യ തദ്ദേശ സ്വയംഭരണം, റവന്യൂ പട്ടികജാതിപട്ടികവർഗ ക്ഷേമം, കായിക-യുവജന ക്ഷേമം, സ്റ്റോർ പർച്ചേസ്, നികുതി , വിജിലൻസ് തുടങ്ങിയ സെക്രട്ടേറിയറ്റിലെ പതിനേഴ് വകുപ്പുകളിലാണ് ആദ്യഘട്ടത്തിൽ ഇ-ഓഫീസ്സംവിധാനം |

ഏർപ്പെടുത്തുന്നത്: ഇവയിൽ ധനകാര്യം, വിവരസാങ്കേതിക വിദ്യ എന്നീ വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം ആരംഭിച്ചു കഴിഞ്ഞു. ബാക്കിയുള്ള വകുപ്പുകളിൽ രണ്ടാം ഘട്ടത്തിലായിരിക്കും ഇ- ഓഫീസ് നടപ്പിൽ വരിക.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) | സർക്കാർ ഓഫീസുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവും പേപ്പർ ലെസ് ഓഫീസും ആക്കുക എന്നതാണ് പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യം. ഫയലുകളുടെ നീക്കം മേലുദ്യോഗസ്ഥർക്ക് എപ്പോൾ വേണമെങ്കിലും പരിശോധിക്കാനും കാലതാമസം ഒഴിവാക്കി തീരുമാനങ്ങൾ കൈക്കൊള്ളാനും കഴിയും എന്നതാണ് ഈ സംവിധാനത്തിന്റെ നേട്ടം. അതത് വകുപ്പുകളുടെ ഓഫീസ് സെക്ഷനിൽ എത്തുന്ന തപാലുകൾ സ്കാൻ ചെയ്ത് ഡിജിറ്റൽ രൂപത്തിലാക്കി കമ്പ്യൂട്ടർ നെറ്റ് വർക്ക് വഴി സെക്ഷനുകളിലേക്ക് അയയ്ക്കുകയും അവ ഡിജിറ്റൽ ഫയലുകളായി തന്നെ ഉത്തരവുകൾക്കും മറ്റ് നടപടിക്രമങ്ങൾക്കും വിധേയമാകുന്നു. |

ഇ-ഓഫീസ് ഫയലുകളിൽ ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് (DSC) സംവിധാനം വഴിയായിരിക്കും ഉദ്യോഗസ്ഥരും മന്ത്രിമാരും ഒപ്പുകൾ രേഖപ്പെടുത്തുക. തീർപ്പാക്കിയ ഫയലുകൾ ഡിജിറ്റൽ രൂപത്തിൽ സംരക്ഷിക്കപ്പെടുന്നതിനാൽ പിൽക്കാലത്ത് ആവശ്യമെങ്കിൽ അവ പെട്ടെന്നു തന്നെ ഇ-ഓഫീസ് വഴി ലഭ്യമാക്കാനും കഴിയും.

| | |
|---|---|
| സി) ഫയലുകളുടെ നീക്കങ്ങൾ ജനങ്ങൾക്ക് മനസ്സിലാകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | സി) ഫയലുകളുടെ നീക്കങ്ങൾ ജനങ്ങൾക്ക് നേരിട്ട് മനസ്സിലാകുന്നതിന് നിലവിൽ പ്രസ്തുത സംവിധാനത്തിൽ സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. |
| ഡി) പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനവുമായി സഹകരിക്കുന്നത് ആരൊക്കെയാണ്;വ്യക്തമാക്കുമോ ? | ഡി) നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ, കേരളാ സ്റ്റേറ്റ് ഇൻഫർമേഷൻ ടെക്നോളജി മിഷൻ, സ്റ്റേറ്റ് ഇ-ഗവേർണൻസ് മിഷൻ ടീം എന്നീ ഏജൻസികളാണ് ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിന് സർക്കാരുമായി സഹകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ